# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 27

26-09-2016 ൽ
മറുപടിയ്ക്ക്

## സി-ഡിറ്റിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. വി. ജോയി<br>ശ്രീ. എം. നൗഷദ്<br>ശ്രീ.എ. എൻ. ഷംസീർ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് സി-ഡിറ്റിന്റെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ; | (എ) ഉണ്ട്.<br>വാർഷിക ബജററിൽ ഉൾപ്പെടുത്തി വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് അനുവദിച്ച തുക ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് ഐ&പി.ആർ.വകുപ്പ് നടത്തുന്ന അവലോകന യോഗങ്ങളിൽ സി-ഡിററിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടുന്നുണ്ട്. ഇതിനു പുറമെ ബഹു. മുഖ്യമന്ത്രി ചെയർമാനായ ഭരണസമിതിയാണ് സി-ഡിററിന്റെ നയപരമായ കാര്യങ്ങൾ തീരുമാനിക്കുന്നത്. വർഷത്തിൽ ഒരുതവണ ഈ ഭരണസമിതി യോഗം ചേർന്ന് സി-ഡിററിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു ണ്ട്. കൂടാതെ ഐ & പി.ആർ.ഡി. സെക്രട്ടറി ചെയർമാനായ ഒരു എക്സിക്യൂട്ടീവ് കമ്മിററിയും നിലവിലുണ്ട്. സി-ഡിററിന്റെ പ്രോജക്ടുകൾ, ഭരണ നിർവ്വഹണം തുടങ്ങിയവ സംബന്ധിച്ച വിഷയങ്ങൾ പരിശോധിക്കുന്നതിനും തീരുമാനമെടുക്കുന്നതിനുമായി എക്സിക്യൂട്ടീവ് കമ്മിററി യോഗ വും ചേരാറു ണ്ട്. |
| (ബി) ശാസ്ത്ര സാങ്കേതിക ഗവേഷണം, വിഷ്വൽ കമ്മ്യൂണിക്കേഷൻ ഇൻഫർമേഷൻ ടെക്നോളജി, ഐ.റ്റി. വിദ്യാഭ്യാസം, ഈ ഗവേണൻസ് തുടങ്ങിയ മേഖലയിൽ സി-ഡിറ്റിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങൾ തൃപ്തികരമായിരുന്നോ ; എങ്കിൽ വ്യക്തമാക്കുമോ ; | (ബി) തൃപ്തികരമായിരുന്നു.<br>(വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്). |
| (സി) ഇപ്പോൾ സി-ഡിറ്റ് ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ ? | (സി) നിലവിൽ സി-ഡിററ് നിർവ്വഹിച്ചുവരുന്ന ചില പ്രധാന പ്രോജക്ടുകൾ ചുവടെ ചേർക്കുന്നു.<br>1. ഐ.ടി.@സ്കൂളിനു വേണ്ടിയുള്ള പാഠ്യഭാഗങ്ങൾ അടിസ്ഥാനമാക്കിയുള്ള ഡിവിഡി/വെബ് മൊഡ്യൂൾ പദ്ധതി തയ്യാറാക്കൽ.<br>2. വിവിധ സർക്കാർ/തദ്ദേശസ്വയംഭരണസ്ഥാപന |

ങ്ങൾക്കുവേണ്ടി സൗരോർജ്ജ പദ്ധതികളുടെ രൂപകല്പനയും നിർവ്വഹണവും

3. എക്സൈസ് വകുപ്പിനുവേണ്ടി അതീവ സുരക്ഷാഹോളോഗ്രാം ലേബൽ നിർമ്മാണം

4. ബഹു. മുഖ്യമന്ത്രിയുടെ ഓൺലൈൻ പൊതുജന പരാതി പരിഹാര സംവിധാനമായ സ്ട്രെയിററ് ഫോർവേഡിന്റെ രൂപകല്പനയും നിർവ്വഹണവും

5. സംസ്ഥാന മോട്ടോർ വാഹന വകുപ്പിനുവേണ്ടി ഫെസിലിററി മാനേജ്മെന്റ് സർവ്വീസ് പ്രോജക്ട് നിർവ്വഹണം

6. പട്ടികജാതി/പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെടുന്നവരും പ്രൊഫഷണൽ യോഗ്യത നേടിയവരുമായവർക്ക് ജോലി നേടുന്നതിനാവശ്യമായ ഹ്രസ്വകാല പരിശീലനം നൽകുന്ന സൈബർശ്രീ പ്രോജക്ട്

7. ട്രീ ബാങ്ക് പ്രോജക്ടിന്റെ ഭാഗമായി മലയാളഭാഷാ കംപ്യൂട്ടിംഗിൽ ഗവേഷണം

8. സർക്കാർ സ്ഥാപനങ്ങളിലെ പുരാരേഖകൾ തൽസ്ഥലത്തുതന്നെ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി

9. റേഷൻ കാർഡ് വിതരണത്തിനുള്ള സാങ്കേതിക നിർവ്വഹണ സംവിധാനം

10. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, സാമൂഹ്യനീതി വകുപ്പ്, ഓൺലൈൻ എക്സാമിനേഷൻ സോഫ്റ്റ്‌വെയർ തുടങ്ങി വിവിധ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സോഫ്റ്റ്‌വെയർ ഡിസൈൻ, വികസന പ്രവൃത്തികൾ.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ശാസ്ത്ര സാങ്കേതിക ഗവേഷണരംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുന്നതിനും ഈ നേട്ടങ്ങൾ സർക്കാരിന്റെ വിവിധ പദ്ധതികൾ, സാമൂഹ്യവികസന പരിപാടികൾ എന്നിവയിൽ ഉപയോഗപ്പെടുത്തുന്നതിനും സി-ഡിററിനു കഴിഞ്ഞിട്ടുണ്ട്.

വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് ഭരണനിർവ്വഹണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനുള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾ 1997 മുതൽ സി-ഡിററ് ഏറെറടുത്തിട്ടുണ്ട്. പഞ്ചായത്ത്തല വികേന്ദ്രീകൃത റിസോഴ്സ് മാപ്പിംഗ് പൈലററ് പ്രോജക്ട് വിജയകരമായി പൂർത്തിയാക്കുകയും തുടർന്ന് 1999-ൽ കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും കംപ്യൂട്ടറൈസേഷനുള്ള ബൃഹത് പദ്ധതി സംസ്ഥാന സർക്കാർ സി-ഡിററിനെ ഏൽപ്പിക്കുകയും ചെയ്തു. ഇൻഫർമേഷൻ കേരള മിഷൻ രൂപീകരിച്ച് സി-ഡിററ് ഈ പദ്ധതി ഏറെറടുക്കുകയും വിവിധ സോഫ്ററ്വെയറുകളുടെ വികസനവും വിന്യാസവും നടത്തുകയും 1200-ലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കംപ്യൂട്ടർ സ്ഥാപിച്ച് പ്രവർത്തനം പൂർത്തീകരിക്കുകയും ചെയ്തു.

കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനു വേണ്ടി ഓൺലൈൻ എക്സാമിനേഷൻ സോഫ്ററ്വെയർ രൂപകല്പന നടത്തി വികസിപ്പിക്കുകയും വിജയകരമായി നടപ്പാക്കുകയും ചെയ്തു. പട്ടികജാതി വികസന വകുപ്പിന്റെ സ്കോളർഷിപ്പും മററ് ഗ്രാന്റ് പദ്ധതികളുടെയും നിയന്ത്രണത്തിനുള്ള സോഫ്ററ്വെയർ (ഇ-ഗ്രാന്റ്സ്) സി-ഡിററാണ് വികസിപ്പിച്ച് നടപ്പാക്കിയത്. മുഖ്യമന്ത്രിയുടെ സുതാര്യകേരളം, ജനസമ്പർക്ക പരിപാടികളുടെ ഭാഗമായി പൊതുജനങ്ങളുടെ പരാതികൾ സ്വീകരിച്ച് ഓൺലൈനായി കൈകാര്യം ചെയ്യുന്നതിനുള്ള സോഫ്ററ്വെയർ വികസിപ്പിച്ച് വിജയകരമായി നിർവ്വഹണം നടത്തി. കേരള സർക്കാരിന്റെ ഉൾപ്പെടെ വിവിധ വകുപ്പുകൾക്ക് വേണ്ടി വെബ്സൈററ് രൂപകൽപ്പനയും നിർവ്വഹണവും പരിപാലനവും സി-ഡിററ് നിർവ്വഹിച്ചുവരുന്നു.

ഇന്ത്യയിൽ പൊതുമേഖലയിൽ ആദ്യത്തെ ഹോളോഗ്രാം സ്റ്റുഡിയോ സ്ഥാപിച്ചത് സി-ഡിററിലാണ്. സി-ഡിററിന്റെ ഈ രംഗത്തെ ഗവേഷണങ്ങളുടെ ഫലമായി സർക്കാരിനുവേണ്ടി സെക്യൂരിററി ഹോളോഗ്രാം നിർമ്മിച്ചു നൽകുന്നത് സി-ഡിററാണ്. എക്സൈസ് വകുപ്പിനുവേണ്ടി വിദേശ മദ്യകുപ്പികളിൽ പതിപ്പിക്കുന്നതിനുള്ള അതീവ സുരക്ഷാ ഹോളോഗ്രാം ലേബലുകൾ കഴിഞ്ഞ 14 വർഷമായി നിർമ്മിച്ചു നൽകുന്നത് സി-ഡിററാണ്. ഇതിനുപുറമെ കേരളത്തിനകത്തും പുറത്തുമുള്ള വിവിധ സർവ്വകലാശാലകൾക്കുള്ള സെക്യൂരിററി സർട്ടിഫിക്കററുകളുടെ നിർമ്മാണം സി-ഡിററാണ് നടത്തുന്നത്. ഹോളോഗ്രാം ടാക്സ് ലേബൽ രൂപകൽപ്പന സംബന്ധിച്ച രാജ്യാന്തര പുരസ്കാരത്തിന് 2013-ൽ സി-ഡിററ് അർഹമായിട്ടുണ്ട്.

സി-ഡിററിന്റെ റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ കാവേരി, നിള മലയാളം ലിപി രൂപകൽപ്പന ചെയ്തിട്ടുണ്ട്. ദക്ഷിണേന്ത്യൻ ഭാഷകൾക്കുവേണ്ടിയുള്ള കമ്പ്യൂട്ടർ ഭാഷ തയ്യാറാക്കൽ പ്രോജക്ടായ ട്രീ ബാങ്ക് പ്രോജക്ടിന്റെ ഭാഗമായി മലയാളം കംപ്യൂട്ടിംഗ് നിർവ്വഹണ ചുമതല സി-ഡിററിനാണ്.

വിഷ്വൽ കമ്മ്യൂണിക്കേഷൻ മേഖലയിൽ ഒട്ടനവധി നേട്ടങ്ങൾ സ്വായത്തമാക്കുവാൻ സി-ഡിററിനു കഴിഞ്ഞ കാൽനൂററാണ്ടിനിടെ സാധിച്ചിട്ടുണ്ട്. ദേശീയ, അന്തർദേശീയ തലങ്ങളിൽ അംഗീകാരം ലഭിച്ച ഡോക്യുമെന്ററികൾ സി-ഡിററിന്റേതായിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾക്കുവേണ്ടിയുള്ള പരസ്യചിത്ര നിർമ്മാണം, ഡോക്യുമെന്ററി നിർമ്മാണം, വിദ്യാഭ്യാസ വകുപ്പിന്റെ ഐ.ടി.@സ്കൂൾ പദ്ധതിയുടെ ഭാഗമായി പാഠ്യഭാഗങ്ങളുടെ സിഡി ആവിഷ്കാരം തുടങ്ങിയവ സി-ഡിററിന്റെ നിലവിലുള്ള പ്രോജക്ടുകളിൽ ഉൾപ്പെടും. മുഖ്യമന്ത്രിയുടെ പരാതിപരിഹാര സംവിധാനമായ സുതാര്യകേരളം ടെലിവിഷൻ പരിപാടിയുടെയും നവകേരളം ടെലിവിഷൻ ഷോയുടെയും നിർവ്വഹണ ചുമതല സി-ഡിററിനാണ്.

പോസ്റ്റ് ഗ്രാജ്വേററ് ഡിപ്ലോമ ഇൻ സയൻസ് & ഡെവലപ്പ്മെന്റ് കമ്മ്യൂണിക്കേഷൻ ഉൾപ്പെടെ വിവിധ കമ്മ്യൂണിക്കേഷൻ കോഴ്സുകൾ സി-ഡിററ് നടത്തുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി വിന്യസിച്ചു കിടക്കുന്ന 450-ൽ പരം സി-ഡിററ് അംഗീകൃത കമ്പ്യൂട്ടർ സ്ഥാപനങ്ങളിലൂടെ സാധാരണ ജനങ്ങൾക്ക് ഗുണനിലവാരമുള്ളതും സർക്കാർ അംഗീകാരമുള്ളതുമായ കമ്പ്യൂട്ടർ കോഴ്സുകൾ കുറഞ്ഞ ചെലവിൽ പഠിക്കുന്നതിനുള്ള സൗകര്യം നൽകിവരുന്നു. ഇ-ഗവേർണൻസ് രംഗത്ത് സംസ്ഥാന സർക്കാരിനു വേണ്ടി ശ്രദ്ധേയമായ ഒട്ടനവധി പരിപാടികൾക്ക് സാങ്കേതിക നിർവഹണം നടത്തുന്നത് സി-ഡിററാണ്. ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിന്റെ സാങ്കേതിക സഹായം, മോട്ടോർ വാഹന വകുപ്പിനുവേണ്ടി ഫെസിലിററി മാനേജ്മെന്റ് സർവ്വീസ്, ഭക്ഷ്യപൊതുവിതരണ വകുപ്പിനുവേണ്ടി റേഷൻകാർഡ് പുതുക്കൽ പ്രോജക്ട് തുടങ്ങിയവ ഇതിൽപ്പെടുന്നു.

സെക്ഷൻ ഓഫീസർ